**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1501** — **30.01.2018-ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | വളരെ ആഴത്തിലുള്ള ഡ്രഡ്ജിംഗ് മൂലം വിഴിഞ്ഞം തുറമുഖത്തിന്റെ നോർത്ത് പ്രദേശങ്ങളിൽ അടിത്തട്ട് മണ്ണ് മാറിയ പാറക്കൂട്ടങ്ങൾ, പാര് മുതലായവ പ്രത്യക്ഷമാകുകയും അതിൽ തട്ടി മത്സ്യത്തൊഴിലാളികളുടെ വല മുറിഞ്ഞുപോകുന്നതിനാൽ അവർ പട്ടിണിയിലും ആശങ്കയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവരെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിൽ വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി മത്സ്യബന്ധനത്തെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആഘാതം ബാധിക്കില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. ആയതിനാൽ ടി പ്രദേശത്തെ കരമടി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള ആർക്കും തന്നെ നഷ്ടപരിഹാരം നൽകിയിട്ടില്ല. എങ്കിലും ഇങ്ങനെ ഒരു ആക്ഷേപം ഉണ്ടായതിന്റെ സാഹചര്യത്തിൽ, ഈ സർക്കാർ ജില്ലാ കളക്ടർ ചെയർമാനായ ഉപജീവനാഘാത നിർണ്ണയ കമ്മിറ്റി അപ്പീൽ കമ്മിറ്റിയുടെ (എൽ.ഐ.എ.സി) കീഴിലുള്ള ടെക്നിക്കൽ കമ്മിറ്റിയെ ഇതിനെക്കുറിച്ചും പഠനം നടത്തുവാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (സി) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുവദിച്ച പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി തൊഴിലാളികൾക്കു കൂടി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ